അടിയന്തരപ്രമേയം

കയർമേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: തൊണ്ടിന്റെ ദൗർലഭ്യവും അത് പരിഹരിക്കുന്നതിൽ സർക്കാർ കാട്ടുന്ന അനാസ്ഥയും മൂലം സംസ്ഥാനത്ത് കയർമേഖല നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അടൂർ പ്രകാശ്, എം. ഉമ്മർ, ഡോ. എൻ. ജയരാജ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്ന് അടിയന്തരപ്രമേയത്തിന് ഉയർത്തിയിരിക്കുന്ന വിഷയം വായിച്ചപ്പോൾ എനിക്ക് അത്ഭുതമാണുണ്ടായത്. ഇതിൽ അടിയന്തര സ്വഭാവമായി ചർച്ച ചെയ്യേണ്ട എന്താണുള്ളത്? ഏതായാലും സർക്കാർ ചെയ്യുന്ന കാര്യങ്ങൾ പറയാൻ ഒരു സന്ദർഭം നൽകിയതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. ഇന്ന് കേരളത്തിൽ 500 കോടി നാളികേരമാണ് ഉല്പാദിപ്പിക്കുന്നത്. അതിന്റെ പകുതി, 250 കോടി നാളികേരത്തിന്റെ തൊണ്ടുണ്ടെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ഒരു ലക്ഷത്തിൽപ്പരം വരുന്ന കയർപ്പിരി തൊഴിലാളികൾക്ക് 200 ദിവസത്തെ പണി കൊടുക്കാനുള്ള

അസംസ്കൃതവസ്തുക്കളായി. എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടായി നമ്മുടെ സംസ്ഥാനത്ത് 20 കോടി തൊണ്ടുപോലും സംസ്കരിക്കപ്പെടുന്നില്ല. ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള വലിയൊരു ഭഗീരഥയത്നത്തിലാണ് സംസ്ഥാന സർക്കാർ. ഈ വർഷത്തോടുകൂടി അത് ഫലപ്രാപ്തിയിലെത്തുമെന്നാണ് കരുതുന്നത്. എന്താണ് പ്രശ്നം? തെക്കൻ ജില്ലകളിൽ കേന്ദ്രീകരിച്ചാണ് നമ്മുടെ കയർ ഉല്പാദനം പ്രധാനമായുമുള്ളത്. 80 ശതമാനം കയറും ആലപ്പുഴ മുതൽ തെക്കോട്ടുള്ള ജില്ലകളിലാണ്. എന്നാൽ ഈ പ്രദേശങ്ങളിൽ മൊത്തം നാളികേര ഉല്പാദനത്തിന്റെ 28 ശതമാനമേയുള്ളൂ. ഈയൊരു പശ്ചാത്തലത്തിൽ സർക്കാർ എടുത്തിരിക്കുന്ന പ്രധാന തീരുമാനം, കയർ ഉല്പാദന മേഖലകൾക്ക് പുറത്ത് ചകിരി ഉല്പാദനത്തിനുള്ള മില്ലുകൾ സ്ഥാപിക്കുന്നതിന് എല്ലാ പ്രോത്സാഹനവും നൽകുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് മാത്രമല്ല, മറ്റ് സഹകരണ ബാങ്കുകൾ അടക്കമുള്ളവർക്ക് 90 ശതമാനം സബ്സിഡിയിൽ കയർ മെഷീനറി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് ചരിത്രത്തിൽ ഏറ്റവും വലിയ പിന്തുണ, പ്ലാന്റ് ആന്റ് മെഷീനറിയുടെ 50 ശതമാനം സർക്കാർ സബ്സിഡി സഹായം നൽകുന്നുണ്ട്.

സർക്കാരിന്റെ 1000 ദിവസം തികയുന്നതിന്റെ ആഘോഷത്തിന്റെ ഭാഗമായി നൂറാമത്തെ മിൽ ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയാണ്. ഈ വർഷം 400 മില്ലുകൾ സ്ഥാപിക്കുമെന്നാണ് കരുതപ്പെടുന്നത്. ഇങ്ങനെ മില്ലുകൾ സ്ഥാപിച്ചാലും മില്ലുകൾക്ക് തൊണ്ട് കിട്ടണം. അപ്പോൾ അതിന്റെ തടസ്സമെന്തെന്ന് നോക്കുമ്പോൾ നമ്മൾ പണ്ട് കൃത്യമായി തേങ്ങ ഇടുമായിരുന്നു. ഇന്നിപ്പോൾ ഭൂരിപക്ഷം സ്ഥലത്തും ഉണങ്ങിവീഴുമ്പോൾ പെറുക്കിയെടുക്കുന്ന അവസ്ഥയാണുള്ളത്. ഇതിന് മാറ്റം വരുത്തിയേ തീരൂ. ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ കൃത്യമായ ഒരു പരിപാടി പറഞ്ഞിരുന്നു - സഹകരണ ബാങ്കുകളും മറ്റും അവർ സർവ്വീസ് ടീമിനെയുണ്ടാക്കി കൃത്യമായി തേങ്ങയിടുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക, തേങ്ങയിടുമ്പോൾ തന്നെ ഓൺലൈനായി കൃഷിക്കാർക്ക് ന്യായമായ വില ട്രാൻസ്ഫർ ചെയ്തുകൊടുക്കുക. ഇങ്ങനെയുള്ള കളക്ഷൻ സമ്പ്രദായത്തിന് ആധുനികമായിട്ടുള്ള യന്ത്രങ്ങൾ..... ഞാൻ സന്തോഷപൂർവ്വം പറയട്ടെ, മറ്റന്നാൾ റോളർ വീൽ വഴി തെങ്ങിൽ കയറുന്നതിനുള്ള യന്ത്രത്തിന്റെ പരീക്ഷണം നടക്കുകയാണ്. നമ്മൾ അതിന് കോൺട്രാക്ട് കൊടുത്തിരുന്നു. അത് ഫലപ്രദമാകുമെന്നാണ് കരുതുന്നത്. അങ്ങനെയാണെങ്കിൽ മോട്ടോർ ഡ്രിവൺ യന്ത്രത്തിന്റെ സഹായത്താൽ തെങ്ങ്

കയറുന്നതിനുള്ള ടീമുകളെ ഉണ്ടാക്കും. രണ്ടാമത്തേത്, ഇതുകൊണ്ടും പ്രശ്നം തീരത്തില്ല, നമ്മുടെ വീടുകളിലെ നാളികേരത്തിന്റെ മൂന്നിലൊന്നും കറിക്ക് അരയ്ക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് മൂന്നിലൊന്ന് തേങ്ങാ തൊണ്ടുകളും വീട്ടുമുറ്റത്താണ് കിടക്കുന്നത്. അപ്പോൾ അത് സംഭരിക്കുന്നതിന് ഈ വർഷത്തെ പ്ലാൻ ഗൈഡ് ലൈനിൽ തൊണ്ടൊന്നിന് 50 പൈസ വരെ കുടുംബശ്രീക്ക് സബ്സിഡി നൽകുന്നതിനും വാഹനങ്ങൾക്ക് പിന്തുണ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പച്ചത്തൊണ്ട് മാത്രമല്ല, ഉണക്കത്തൊണ്ടും ശേഖരിക്കുന്നതിന് ഏർപ്പാടുണ്ടാക്കാൻ പോകുകയാണ്. പച്ചത്തൊണ്ട് ശേഖരിച്ച് കൃത്യമായി ലിഫ്റ്റ് ചെയ്തില്ലെങ്കിൽ അത് ഉണങ്ങിക്കഴിഞ്ഞാൽ വില കിട്ടാതെ പോകും. അതുകൊണ്ട് ഉണക്കത്തൊണ്ടിനും വില നൽകുന്നതിനുള്ള തീരുമാനത്തിലേയ്ക്ക് പോകുകയാണ്. പച്ചത്തൊണ്ട് ചകിരിയും ഉണക്കത്തൊണ്ട് ചകിരിയും നമ്മുടെ മില്ലുകളിൽ ഉല്പാദിപ്പിക്കാൻ സാധിക്കും. അപ്പോൾ ഈ ഉണക്കത്തൊണ്ട് ചകിരി എന്തുചെയ്യും, ചകിരിച്ചോർ എന്തുചെയ്യും തുടങ്ങിയ പ്രശ്നങ്ങളുണ്ട്. ഞാൻ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്, നിങ്ങൾ ഓർക്കുമെന്ന് കരുതുന്നു. കയർ വകുപ്പിൽ നിന്ന് ഒരു സംഘം നെതർലാന്റ്സിൽ ചർച്ചയ്ക്ക് പോയിട്ട് തിരിച്ചുവന്നു കഴിഞ്ഞു.

അവരുമായി എം.ഒ.യു. സൈൻ ചെയ്തിരിക്കുകയാണ്. ചകിരിച്ചോറും ചകിരി നാരും കൂടി 190^{0}C-ൽ ഉന്നതമർദ്ദത്തിന് വിധേയമാക്കിക്കഴിഞ്ഞാൽ ചകിരിച്ചോറിലെ ലിഗ്നൈൻ പരന്ന് adhesive ആയി ബോണ്ട് ചെയ്ത് പലകകളാകും. പ്ലൈവുഡിന്റെ പാതി ചെലവേ വരികയുള്ളൂ. ഫയർ റിറ്റാർഡന്റാണ്, അതുപോലെ വെള്ളത്തിലിട്ടാൽ കുഴപ്പമില്ല. അതുകൊണ്ട് അടിയന്തരമായി നമ്മൾ പൈലറ്റ് പ്ലാന്റിലേയ്ക്ക് പോകാൻ പോകുകയാണ്. ഈ സാങ്കേതികവിദ്യ ഫലപ്രദമെന്ന് വന്നുകഴിഞ്ഞാൽ ഇന്ന് 3 രൂപ കിട്ടിക്കൊണ്ടിരിക്കുന്ന ചകിരിച്ചോറിന് ചുരുങ്ങിയത് 10-12 രൂപ കിട്ടും. ഇന്ന് 4 രൂപ കിട്ടിക്കൊണ്ടിരിക്കുന്ന ബേബിഫൈബറിന് 10-12 രൂപയായി വർദ്ധിപ്പിച്ചു നൽകാൻ സാധിക്കും. ഇതു വരുന്നതോടുകൂടി ചകിരി ഉല്പാദനത്തിന്റെ സാമ്പത്തിക ഘടന മാറും. ഇത് വളരെ ആദായകരമായ ഒരു ഏർപ്പാടായി വരുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തൊണ്ടിന്റെ പകുതി ഇവിടെ ചകിരിയായി മാറും. അതോടുകൂടി ഇവിടെ അടിയന്തര പ്രമേയത്തിന് പരാമർശ വിഷയമായിട്ടുള്ള തൊണ്ടിന്റെ ദൗർലഭ്യമെന്ന് പറയുന്നത് പരിഹരിക്കപ്പെടും. എത്രയോ നാളുകളായിട്ട് കുരുക്കഴിയാതെ കിടന്ന ഈ പ്രശ്നത്തിന് കുരുക്കഴിക്കാൻ പോകുന്ന

വർഷമായിരിക്കും ഈ വർഷം എന്നു പറഞ്ഞുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. വളരെ വിജ്ഞാനപ്രദമായിട്ടുള്ള കാര്യമാണ്. ഈ സാങ്കേതിക വിദ്യയെക്കുറിച്ച് മാർച്ച് മാസത്തിൽ തന്നെ വിശദമായ ഒരു സെമിനാർ നടത്താനും കയർ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ ധനകാര്യവും കയറും വകുപ്പുമന്ത്രി ഞാൻ കൊടുത്ത നോട്ടീസനുസരിച്ച് മറുപടി പറഞ്ഞപ്പോൾ അങ്ങ് പാവപ്പെട്ട തൊഴിലാളികളെക്കുറിച്ച് എന്തെങ്കിലും ഒരക്ഷരം ഉരിയാടുമെന്ന് ഞാൻ കരുതിയിരുന്നതാണ്. കയർ കേരള എന്ന പരിപാടി ആലപ്പുഴ പട്ടണത്തിൽ നടക്കുന്ന അവസരത്തിൽ അഞ്ചുവർഷക്കാലം നേതൃത്വം കൊടുത്തുകൊണ്ട് തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് കയർ കേരള നടത്തുന്നതിനെതിരെ സമരം നടത്തിയ വ്യക്തിയാണ് അങ്ങെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഇത് മറന്നുപോയി കാണുമോയെന്ന് എനിക്കറിയില്ല.

ഇന്ന് ലോകത്ത് ഉത്പാദിപ്പിച്ചിരുന്ന കയറെല്ലാം ലഭിച്ചിരുന്നത് കേരളത്തിൽ നിന്നായിരുന്നു എന്ന് പറഞ്ഞാൽ അതൊരു അതിശയോക്തിയല്ല. 'കയർ വ്യവസായത്തിന്റെ സാമ്പത്തിക ചരിത്രം' എന്ന പുസ്തകത്തിൽ കയർ

ഉത്പാദന മേഖലകളിൽ പഠന പര്യടനങ്ങൾ നടത്തിയിട്ടുള്ള ഡോ. പി. കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുള്ളതാണ്. നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് കയർ വ്യവസായത്തിന്. തൊണ്ട് തല്ലി ചകിരിയാക്കി, പിരിച്ച് കയറാക്കി പായും തടുക്കും ഉൾപ്പെടെയുള്ളവ നെയ്ത്തു കിട്ടുന്ന വരുമാനമായിരുന്നു കേരളത്തിലെ തീരപ്രദേശങ്ങളിലെ 250 - ൽ അധികം വരുന്ന ഗ്രാമങ്ങളിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. അതായിരുന്നു ആ ജനതയുടെ ജീവിതത്തിന്റെ ആധാരം. പച്ചതൊണ്ട് കായലിൽ മാസങ്ങളോളം പൂഴ്ത്തി വച്ച് അഴുക്കിയശേഷം കൊട്ടുവടി കൊണ്ട് തല്ലി ചകിരിയാക്കുന്ന പ്രക്രിയ കേരളത്തിന് മാത്രം കുത്തകയായിരുന്നു. തൊണ്ട് തല്ലുന്നതും കയർ പിരിക്കുന്ന തൊഴിലാളികളുടെ കൂക്കുവിളികൾ കൊണ്ട് മുഖരിതമായിരുന്ന കായലോരങ്ങൾ ആ പ്രതാപകാലത്തിന്റെ തിരുശേഷിപ്പുകളുമായി തകർന്ന കയർ ഷെഡ്ഡുകളും തുരുമ്പെടുത്ത കയർ നൂൽപ്പ് തറികളും മാത്രമാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. പച്ചതൊണ്ട് കിട്ടിയതും കൂലി പ്രശ്നങ്ങളും ഇപ്പോഴത്തെ സർക്കാരിന്റെ പിടിപ്പുകേടും കയർ വ്യവസായം ഒരിക്കലും കരകയറാൻ ആകാത്ത വിധം തകർച്ചയിലേയ്ക്ക് എത്തി നിൽക്കുകയാണ്. ഇവിടെയുള്ള പച്ചതൊണ്ട് തമിഴ്നാട്ടിലേയ്ക്ക് പോകുന്നതുമൂലം പണം മൊത്തമായി

കിട്ടുമെന്നുള്ളതിനാൽ കച്ചവടക്കാരും ഇടനിലക്കാരും പച്ചതൊണ്ട് മുഴുവനായും തമിഴ്നാട്ടിലേയ്ക്ക് കടത്തുകയാണ്. ഇത് തടയുന്നതിന് ശ്രമിക്കുകയോ ന്യായമായ വില നൽകി കേരള സർക്കാർ സംഭരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമില്ല. ഈ അവസ്ഥ തുടർന്നാൽ കേരളത്തിലെ കയർ തൊഴിലാളികൾ മുഴുവൻ പട്ടിണിയിലാകും. തൊണ്ട് ലഭിക്കാത്തതിനാൽ മാസങ്ങൾക്കകം കയർ മേഖല നിശ്ചലമാകാൻ പോവുകയാണ്.

കേരളത്തിൽ 500 കോടിയിലധികം തേങ്ങ ഉത്പാദിക്കുന്നുവെന്നാണ് അങ്ങ് ഇവിടെ പറഞ്ഞ കണക്ക്. അതിൽ 250 കോടിയിലധികം തൊണ്ട് സംഭരിക്കാൻ കഴിഞ്ഞാൽ ചകിരിനാര് ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ കഴിയും. കേരളത്തിൽ പ്രതിവർഷം ആവശ്യമായി വരുന്ന ചകിരിനാരിന്റെ കണക്ക് 1,25,000 മെട്രിക്ക് ടൺ ആണ്. അത്രയും ചകിരിനാര് കേരളത്തിൽ ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ നമുക്കാവശ്യമുള്ള ചകിരിനാര് ഇവിടെയുണ്ടാകുക മാത്രമല്ല കുറേ ചകിരിനാര് പുറത്തേയ്ക്ക് കയറ്റി അയയ്ക്കാനുള്ള സാഹചര്യങ്ങൾ നമുക്ക് ഉണ്ടാക്കിയെടുക്കാനും കഴിയുന്നതാണ്.

കയർ സഹകരണ സംഘങ്ങളിലും ചെറുകിട ഉത്പാദകരുടെ കീഴിലുമാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. ആയതിനാൽ കയർ വ്യവസായം

തകരാതെ തൊഴിലാളികളെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടുകയും ഉണർന്ന് പ്രവർത്തിക്കുകയും വേണം. സർക്കാർ അർഹമായ സബ്സിഡി നൽകിയാൽ ഇവിടെയുള്ള പച്ചതൊണ്ട് കൂടിയ വിലയ്ക്ക് സംഭരിക്കാൻ കയർ സംഘങ്ങൾക്കും ഉത്പാദകർക്കും കഴിയുന്നതാണ്. അല്ലെങ്കിൽ സർക്കാർ നേരിട്ട് തൊണ്ട് സംഭരിച്ച് ഉത്പാദകർക്കും സംഘങ്ങൾക്കും നൽകാൻ തയ്യാറാകണം. നേരത്തെ ഒരു വലിയ വിഭാഗം ജനങ്ങൾ ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കയർ മേഖലയാണ് പൂർണ്ണമായും ഇല്ലാതാകുന്നത്.

ആവശ്യസാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി വേതന വർദ്ധനവ് ഇല്ലാതായതും കിട്ടുന്ന തുക അഷ്ടിക്ക് പോലും തികയാത്തതും പലരും ഈ മേഖലയിൽ നിന്ന് അകലാൻ കാരണമായിട്ടുണ്ട്. മറ്റ് ജോലികളൊന്നും വശമില്ലാത്തവരും അരോഗ്യമില്ലാത്തവരുമായ സാധാരണക്കാരായ ആളുകളാണ് കയർ മേഖലയിൽ ഇപ്പോഴും ജോലി ചെയ്യുന്നതെന്നുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. കേരളത്തിൽ നിന്ന് ഇടനിലക്കാർ വഴി ശേഖരിക്കുന്ന പച്ചതൊണ്ട് ഒന്നിന് 80 പൈസ മുതൽ ഒരു രൂപ വരെ ലഭിക്കുന്നതാണ്. ഇത് തമിഴ്നാട്ടിലേയ്ക്ക് കടത്തിയാൽ മൂന്നര രൂപ വരെ കിട്ടും.

അവർ അത് ചകിരിയാക്കി പറയുന്ന വിലയ്ക്ക് ഇവിടെത്തന്നെ വിറ്റഴിക്കുകയാണ് ചെയ്യുന്നത്. തൊണ്ടിൽ നിന്ന് ചകിരിനാരും ചകിരിചോറും വേർപ്പെടുത്തി കയറ്റുമതിയിലൂടെ ഏതാണ്ട് 1700 കോടി രൂപയോളമാണ് പ്രതിവർഷം അവർക്ക് വരുമാനമുണ്ടാക്കാൻ കഴിയുന്നത്. ഇതിൽ 80 ശതമാനം തമിഴ്നാടും ബാക്കിയുള്ളത് കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യാൻ കഴിഞ്ഞിട്ടുമില്ല. കയർ വ്യവസായത്തെക്കുറിച്ച് ഗവേഷണം നടത്തുന്ന പ്രബന്ധം എഴുതുവാനല്ലാതെ ഈ പ്രശ്നത്തിന് പ്രായോഗിക നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത ആളാണ് താനെന്ന് വകുപ്പുമന്ത്രി തന്നെ തെളിയിച്ചിരിക്കുകയാണ്. അങ്ങ് എഴുതിയ ഒരുപാട് ലേഖനങ്ങൾ വായിച്ചതു കൊണ്ടാണ് ഇത് പറയുന്നത്. കയർപിരി മേഖലയിലെ ചെറുകിട ഫാക്ടറി മേഖലയിലും കയറ്റുമതിക്കാർ ഓർഡർ കൊടുക്കാത്തതിനാൽ ഉത്പാദനം തന്നെ നിലച്ചിരിക്കുകയാണ്. ചെറുകിടക്കാരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാൽ തൊഴിലാളികൾ ഈ മേഖലതന്നെ ഉപേക്ഷിച്ച് പോവുകയാണ്. മന്ത്രിയുടെ പ്രസ്താവനകളും പ്രഖ്യാപനങ്ങളും കേവലം കടലാസ് പുലികളായി മാത്രം മാറുകയാണ്. തൊഴിലാളികളുടെ കൂലി പരിഷ്കരണത്തിന്റെ

കാലാവധി മാസങ്ങൾ കഴിഞ്ഞിട്ടും വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് പോലും ഇതുവരെയും കഴിഞ്ഞിട്ടില്ല. ഞങ്ങളുടെ കാലഘട്ടത്തിൽ വ്യവസായികളും തൊഴിലാളി പ്രതിനിധികളുമായി നിരന്തരം ചർച്ചകളും ബന്ധങ്ങളും സ്ഥാപിച്ചിരുന്നു. നിങ്ങൾ ഇതുവരെയും ഫലപ്രദമായ ഒരു ചർച്ചയെങ്കിലും നടത്തിയിട്ടുണ്ടോ? സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ ഒരു വർഷമായി സർക്കാർ വിഹിതമായി ലഭിക്കേണ്ട കൂലി കിട്ടുന്നില്ല. സംഘം വിഹിതവും സമയത്ത് ലഭിക്കുന്നില്ല. ചകിരി ക്ഷാമം പരിഹരിക്കുന്നതിന് കയർ ഫെഡ് വഴി സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരി ഗുണനിലവാരം ഇല്ലാത്തതാണ്. ഉത്പാദന ചെലവും കയർ വിലയും തമ്മിൽ പൊരുത്തമില്ലാത്തതിനാൽ സംഘങ്ങൾക്ക് വ്യവസായ നഷ്ടം സംഭവിക്കുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന പ്രവർത്തന മൂലധന ഫണ്ട്, മാനേജീരിയൽ സബ്സിഡി, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള സഹായങ്ങൾ മുതലായവ ലഭിക്കുന്നതുമില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സംഘം ജീവനക്കാർക്ക് വേതനം നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപിച്ച ശമ്പളപരിഷ്കരണ പദ്ധതി കാലാവധി കഴിഞ്ഞിട്ടും ഈ സർക്കാർ

നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തൊണ്ട് സംഭരണം, ചകിരി ഉത്പാദനം എന്ന പദ്ധതി നടപ്പിലാക്കി. അതിൻപ്രകാരം ഒരു തൊണ്ടിന് 25 പൈസയും ചകിരിക്ക് ഒരു കിലോഗ്രാമിന് 3 രൂപ നിരക്കിലും സബ്സിഡി നൽകി. പ്രസ്തുത പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ചകിരിയാക്കിയാൽ ഒരു കിലോഗ്രാമിന് 15 രൂപയാണ് ഉത്പാദന ചെലവ് വന്നിരുന്നത്. എന്നാൽ ഇന്ന് തമിഴ്നാട്ടിൽ നിന്ന് വാങ്ങുന്ന ചകിരിക്ക് ഒരു കിലോഗ്രാമിന് 30 മുതൽ 35 രൂപ വരെയാണ് പണം നമ്മൾ നൽകേണ്ടി വരുന്നത്. തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും പദ്ധതി കാര്യക്ഷമമായി നടത്തിയിരുന്നുവെങ്കിൽ നഷ്ടത്തിലായ മുഴുവൻ സംഘങ്ങളും ലാഭത്തിലാക്കാൻ കഴിയുമായിരുന്നു.

അങ്ങ് 'കയർ കേരള' നടത്തുന്നില്ലായെന്ന പ്രഖ്യാപനം നടത്തിയിരുന്നു. എങ്കിലും 2017-ൽ വീണ്ടും 'കയർ കേരള' നടത്തുവാനുള്ള തീരുമാനം എടുത്തു. 2017-ൽ 'കയർ കേരള' നടത്തുമ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവരെ വിളിച്ചുവരുത്തി അവരുമായി ഒരു എം.ഒ.യു. അങ്ങ് സൈൻ ചെയ്തു. 120 കോടി രൂപയുടെ ജിയോടെക്സ്റ്റൈയിൽസ് അവിടെ വിതരണം ചെയ്യാമെന്ന് പറഞ്ഞു. ആ കരാർ പ്രകാരം എത്രയാണ് കൊടുത്തിട്ടുള്ളത്; എത്ര

കൊടുക്കാൻ കഴിഞ്ഞു. എനിക്ക് കിട്ടിയിരിക്കുന്ന മറുപടി അനുസരിച്ച് ഏതാണ്ട് 120 കോടി രൂപ എന്ന് പറയുന്നിടത്ത് ഏതാണ്ട് 19 കോടി ചില്ല്വാനം രൂപയുള്ള ജിയോടെക്സ്റ്റൈയിൽസ് മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്നാണ്. ചെറുകിട ഉത്പാദകർ ഉത്പാദിപ്പിക്കുന്ന വലപായ് യു.ഡി.എഫ്. ഭരണക്കാലത്ത് ഒരു സ്ക്വയർ മീറ്ററിന് 60 രൂപ നൽകിയിരുന്നത് ഇപ്പോൾ 48 രൂപയായി കുറച്ചിരിക്കുകയാണ്. കയർ കോർപ്പറേഷനിൽ 18 കോടി രൂപയുടെ കയർ ഉത്പന്നങ്ങൾ കെട്ടികിടക്കുകയാണ്. അത് വിറ്റഴിക്കാൻ യാതൊരു നടപടിയും എടുക്കാതെ കോർപ്പറേഷനിൽ പാർട്ടിക്കാരെ തിരുകികയറ്റി കൊണ്ടിരിക്കുകയാണ്. തൊണ്ട് സബ്സിഡിയും ചകിരി സബ്സിഡിയും നൽകുന്നില്ല. ചകിരി മില്ലുകൾ പ്രവർത്തിക്കാത്തതുമൂലം 10 ശതമാനം പോലും ചകിരി ഉത്പാദനം നടക്കുന്നില്ല. ഇൻകം സപ്പോർട്ട് സ്കീം കഴിഞ്ഞ് ആറുമാസത്തിലധികമായി കുടിശ്ശിക കിടക്കുന്നത് വർദ്ധിപ്പിക്കണം. കണ്ണൂർ, കാസർഗോഡ് സഹകരണ മേഖലയിൽ 30-ഓളം യന്ത്രവത്കൃത ചകിരി നിർമ്മാണ യൂണിറ്റുകളുണ്ടായിരുന്നിടത്ത് 10 -ൽ താഴെ സംഘങ്ങൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പുതിയതായി നൽകിയ ഡീഫൈബറിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ

പത്ത് ശതമാനം പോലും പ്രവർത്തിക്കുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കയർപിരി തൊഴിലാളികളുടെ കൂലി 300 രൂപയായിരുന്നതിൽ ഒരു വർദ്ധനവും ഇതുവരെയുണ്ടായിട്ടില്ല. ഈ സർക്കാർ മൂന്ന് വർഷക്കാലം പിന്നിടുകയാണ്. തൊണ്ട് സംഭരണത്തിൽ പ്രായോഗിക നടപടികൾ സ്വീകരിക്കണം. കയർ മേഖലയെ ജി.എസ്.ടി.-യിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണം. ബഹുമാന്യനായ ആനത്തലവട്ടം ആനന്ദൻ കയർ കമ്മീഷൻ ചെയർമാനായിരുന്നപ്പോൾ കേരളത്തിലെ കയർ വ്യവസായത്തിന്റെ വളർച്ചയ്ക്കും പുനരുദ്ധാരണത്തിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി ഒരു റിപ്പോർട്ട് സമർപ്പിച്ചു. അതിൽ അങ്ങയുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് വിലയിരുത്തിയിട്ടുണ്ട്. കയർ ഉല്പാദനം പ്രധാനമായും കേന്ദ്രീകരിക്കുന്നത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലാണ്. ഈ ജില്ലകളിലേയ്ക്കുള്ള തൊണ്ടും ചകിരിയും ലഭ്യമാക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കണമെന്നും മലബാറിൽ ചകിരി ഉല്പാദനം വർദ്ധിപ്പിച്ച് പ്രശ്നത്തിന് പരിഹാരം കാണാനുമാണ് റിപ്പോർട്ട് സമർപ്പിച്ചത്. മലബാറിൽ നാളികേര ഉല്പാദനം കൂടുതലാണെന്നുകണ്ട സാഹചര്യത്തിലാണ് നിങ്ങൾ ഈ

തീരുമാനമെടുത്തിട്ടുള്ളത്. ആ കാലഘട്ടത്തിൽപ്പോലും ചകിരിക്കായി തമിഴ്നാടിനെയും കർണ്ണാടകത്തെയുമാണ് ആശ്രയിച്ചിരുന്നതെന്നുള്ള വസ്തുത അങ്ങ് മനസ്സിലാക്കണം. 'കയർ മേഖലയിൽ സമഗ്ര പുനഃസംഘടന' എന്ന റിപ്പോർട്ടിൽ ബഹുമാന്യനായ ആനത്തലവട്ടം ആനന്ദൻ നൽകിയ റിപ്പോർട്ടനുസരിച്ച് കുടുംബശ്രീയുമായി ബന്ധപ്പെട്ട് തൊണ്ട് സംഭരിക്കാനായി 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ ബ്ലോക്ക് പഞ്ചായത്തുകളെ ഏല്പിച്ചു. നാളിതുവരെയും തൊണ്ട് സംഭരണ പരിപാടികൾ നടന്നില്ലെന്നുമാത്രമല്ല അന്ന് കൊടുത്തിട്ടുള്ള പഠന റിപ്പോർട്ട് ഇപ്പോഴും അവിടെ കിടക്കുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട അങ്ങ് ഓർക്കുമെന്നാണ് ഞാൻ കരുതുന്നത്.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെയുണ്ട്. അദ്ദേഹം കയർ മേഖലയിൽ വലിയ പരിജ്ഞാനമുള്ള വ്യക്തിയും കയർ ഡയറക്ടറുമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചിറയിൻകീഴ് കേന്ദ്രീകരിച്ച് പുതിയൊരു പ്രോജക്ടുതന്നെ സമർപ്പിച്ചു. ആ പ്രോജക്ട് പരിശോധിച്ചതിനുശേഷം അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അവിടത്തെ കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏതാണ്ട് ഒന്നരക്കോടി രൂപയിലധികം നൽകി. ആ തുക ചെലവഴിക്കാൻ അങ്ങ് അനുമതി കൊടുക്കണ്ടേ; ഡെപ്യൂട്ടി സ്പീക്കർ

അല്ലേ? നമ്മോടൊപ്പം ഇവിടെയിരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ നാളിതുവരെ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഒരു നയാ പൈസപോലും കൊടുത്തിട്ടില്ല. അദ്ദേഹം ഞങ്ങളുടെ തൊട്ടടുത്ത് ഇരിക്കുകയാണ്. ഞങ്ങൾക്ക് അത് പറയണ്ടേ; പറയാതിരിക്കാൻ കഴിയുമോ; അദ്ദേഹത്തിന് പറയാൻ കഴിയുന്നില്ല എന്നുള്ളതുകൊണ്ട് പറയേണ്ട കാര്യങ്ങൾ ഞങ്ങളെങ്കിലും പറയണമെന്നുള്ളതുകൊണ്ടാണ് ഇതൊക്കെ പറയുന്നത്.

മി. സ്പീക്കർ: അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് മിനിസ്റ്റർ കുറച്ച് പുതിയ കാര്യങ്ങൾ പറഞ്ഞിരുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, അദ്ദേഹം എന്നെ ഏല്പിക്കേണ്ട. ഞാൻ കൊടുത്ത കാര്യങ്ങൾ എന്തായെന്ന് അന്വേഷണം നടത്തിയപ്പോൾ ഒരു നയാ പൈസപോലും അതിന് കൊടുത്തിട്ടില്ലെന്ന് പറയുമ്പോൾ എന്താണ് മനസ്സിലാക്കേണ്ടത്? അങ്ങയുടെ ചോദ്യത്തിനുള്ള മറുപടിതന്നെ ഇവിടെയുണ്ട്.

മി. സ്പീക്കർ: പ്ലീസ്.... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്നുണ്ട്. അങ്ങ് ഇപ്പോൾ ചെയ്യുന്നത് എന്താണ്? ആവശ്യംപോലെ പണം വാരിക്കോരി കൊടുക്കുന്നുണ്ട്. പാവപ്പെട്ട ചകിരി

പിരി തൊഴിലാളികളുടെ കൂലി 500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ അങ്ങ് തയ്യാറാകണം. അതിനുള്ള മറുപടി അങ്ങ് സഭയിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. അങ്ങ് സമരം നടത്തിയതും അതിന് നേതൃത്വം കൊടുത്തതും ആലപ്പുഴയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് നടന്നതുമൊക്കെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായും അതിനുള്ള അവസരം ഒരുക്കിക്കൊടുക്കുമെന്നാണ് ഞാൻ കരുതുന്നത്. വളരെ ഗുരുതരമായ ഈ വിഷയം സഭയിൽ അവതരിപ്പിച്ചുകൊണ്ട് അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഈ വിഷയം ഇന്ന് ചർച്ചയ്ക്ക് വന്നതെന്തുകൊണ്ടാണെന്ന് ഞാൻ നേരത്തെ പറയുകയുണ്ടായി. ഇപ്പോൾ എനിക്ക് ആ കാര്യങ്ങളുടെ കിടപ്പ് ഏതാണ്ട് പിടികിട്ടി. ബഹുമാനപ്പെട്ട അടൂർ പ്രകാശ് മന്ത്രിയായിരുന്നപ്പോഴുണ്ടായിരുന്ന അവസ്ഥയുടെ നല്ലൊരു വിവരണം അദ്ദേഹം നൽകുകയുണ്ടായി. ഇപ്പോഴും കാര്യങ്ങൾ അങ്ങനെ കിടക്കുകയാണെന്ന്

അദ്ദേഹം ധരിച്ചുവശായിരിക്കുകയാണ്. അതുകൊണ്ടാണ് ഇത് അവതരിപ്പിക്കേണ്ടിവന്നിരിക്കുന്നത്.

തൊഴിലാളികളുടെ ക്ഷേമത്തിനും അവകാശങ്ങൾക്കുമായി ചില്ലറ സമരങ്ങളൊന്നുമല്ല നടത്തിയിട്ടുള്ളത്. ഇൻകം സപ്പോർട്ട് സ്കീമിന് പണം കൊടുക്കാത്തത് എന്താണെന്നാണ് ആദ്യം ചോദിച്ചത്. കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷം (2015-16-ൽ) അങ്ങ് 467 സംഘങ്ങളിലെ 27000 തൊഴിലാളികൾക്ക് 12.45 കോടി രൂപ കൊടുത്തു. ഈ സർക്കാരിന്റെ കാലത്ത് 2018-19-ൽ ജനുവരി മാസം അവസാനം വരെ 555 സൊസൈറ്റികളിലെ 32000 തൊഴിലാളികൾക്ക് 15 കോടി രൂപ കൊടുത്തുകഴിഞ്ഞു. 23 കോടി രൂപയാണ് ഈ വർഷം കൊടുക്കാൻ പോകുന്നത്.

രണ്ട്, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ - അവരുടെ പെൻഷൻ 600 രൂപയിൽനിന്ന് 1100 രൂപയാക്കി. ഫാമിലി പെൻഷൻ 100 രൂപയിൽനിന്ന് 1000 രൂപയാക്കി. പ്രസവാനുകൂല്യം 1000 രൂപയിൽനിന്ന് 15000 രൂപയാക്കി. ഈ സർക്കാരിന്റെ മൂന്ന് വർഷമല്ലേ ആയിട്ടുള്ളൂ. നിങ്ങളുടെ അവസാനത്തെ മൂന്ന് വർഷമെടുത്താൽ 113 കോടി രൂപയാണ് നൽകിയത്. മൂന്നാം വർഷം

തികയാൻ പോകുന്ന ഈ സർക്കാർ 285 കോടി രൂപ കൊടുത്തു. ആരാണ് കൂടുതൽ തുക കൊടുത്തത്? 300 രൂപയായിരുന്നു അവരുടെ കൂലി. അത് വർദ്ധിപ്പിച്ചിട്ടില്ലെന്ന് പറയുന്നത് തെറ്റാണ്. അവരുടെ കൂലി 350 രൂപയാക്കി വർദ്ധിപ്പിച്ചു. അത് 500 രൂപയാക്കണമെന്ന് അങ്ങ് പറഞ്ഞു. അത് വർദ്ധിപ്പിക്കാം. തൊണ്ടുതല്ല് മില്ലുകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്കെല്ലാം പുതുതായി 600 കോടി രൂപ.......

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഹുമാനപ്പെട്ട മന്ത്രി 50 രൂപ വർദ്ധിപ്പിച്ച് കൊടുത്തതിനെക്കുറിച്ച് പറയുന്നു. കയർപിരി രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആർക്കുംതന്നെ ഇത് കിട്ടിയിട്ടില്ല. അങ്ങ് ഇത് പ്രഖ്യാപിച്ച് പറയുന്ന കാര്യങ്ങൾ മാത്രമാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ജനുവരി ഒന്നുമുതൽ തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവാണ് ഇറക്കിയിട്ടുള്ളത്. ഇത് തൊഴിലാളികൾക്ക് കിട്ടുന്നുണ്ടോ ഇല്ലയോ എന്നുള്ളത്........

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞങ്ങളൊക്കെ കയർ മേഖലയിലെ എം.എൽ.എ.-മാരാണ്. 50 രൂപ വർദ്ധിപ്പിക്കാനായി കമ്മിറ്റിയെ വച്ചിരിക്കുകയാണ്. ആ

കമ്മിറ്റിയുടെ ശിപാർശ ആയിട്ടേയുള്ളൂ. അത് നടപ്പായിട്ടില്ല. അങ്ങ് വെറുതെ പറയരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിയമസഭയിലാണ് പറയുന്നതെന്നുള്ള ബോദ്ധ്യത്തോടെയാണ് ഞാൻ പറയുന്നത്. 50 രൂപ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ഓരോ മേഖലയിലുമുള്ള വർക്ക് ലോഡ് വ്യത്യസ്തമാണ്. നേരത്തെയുള്ള നോംസ് അനുസരിച്ച് അതിന് കഴിയില്ല. അതിനുവേണ്ടിയുള്ള കമ്മിറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം.

കയർ ഉല്പാദനം എങ്ങനെയാണ്? അതിനനുസരിച്ചാണല്ലോ കൂലി കൊടുക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ മൂന്ന് വർഷമെടുത്താൽ കയർ ഉല്പാദനം 2 ലക്ഷം ക്വിന്റലാണ്. ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഉല്പാദനം 3 ലക്ഷം ക്വിന്റലാണ്. ഈ വർഷം യഥാർത്ഥത്തിൽ 4 ലക്ഷം ക്വിന്റൽ വരുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ഏറ്റവും കൂടുതൽ കയർ ഉല്പാദിപ്പിക്കുന്ന രണ്ട് മാസക്കാലം പരിപൂർണ്ണ സ്തംഭനത്തിലായതുകൊണ്ടാണ് 3 ലക്ഷത്തിൽ നിൽക്കുന്നത്. യഥാർത്ഥത്തിൽ 4 ലക്ഷം ക്വിന്റൽ കയർ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. അടുത്ത

വർഷം ഇതിന്റെ ഇരട്ടി ഉല്പാദനമാണ് കയർ മേഖലയിൽ നടക്കാൻ പോകുന്നത്. തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ച് പറഞ്ഞതിന്റെ കാര്യം ഇതായിരുന്നു.

കയർ മേളയ്ക്കെതിരായി സമരം നടന്നതിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞ മറ്റൊരു പ്രശ്നം. എന്തിനാണ് സമരം നടന്നത്? ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ കാലംമുതൽ കയർ ഡിപ്പാർട്ട്മെന്റിന് 20 കോടി രൂപയാണ് ഇൻകം സപ്പോർട്ട് കൊടുക്കുന്നത്. അതിൽ പകുതി മാത്രം (10 കോടി രൂപ) കൊടുക്കുന്നതിനെതിരായി, അത് പോര, പൂർണ്ണമായും ഇൻകം സപ്പോർട്ട് നൽകണമെന്ന് പറഞ്ഞ് സമരം നടത്തിയിട്ട് ആ സമരത്തെ തിരിഞ്ഞുനോക്കാതെ കൊടുക്കാനുള്ള പെൻഷൻ അടക്കം കുടിശ്ശികയാക്കിയപ്പോൾ, അങ്ങനെയാണെങ്കിൽ തൊഴിലാളികളുടെ അവകാശങ്ങൾ തന്നിട്ടുമതി നിങ്ങളുടെ മേളയെന്ന് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ,

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ വഴങ്ങാം. ഞാനൊരു വാചകം പറയുമ്പോഴേയ്ക്കും നിങ്ങൾ ഇടയ്ക്കുകയറി പറയാൻ തുടങ്ങിയാൽ എങ്ങനെയാണ്? ഞാൻ വഴങ്ങിയിട്ടില്ലേ? ഇനിയും വഴങ്ങാം. ഇന്ന് ഈ

ആനുകൂല്യങ്ങളൊക്കെ നൽകി. ഇല്ലാത്ത ആനുകൂല്യങ്ങൾ കൊടുത്തുവെന്ന് പറയണ്ട. മാനേജീരിയൽ സബ്സിഡി വരെ നൽകിയതിനുശേഷം ഞങ്ങൾ കയർ മേള നടത്തുന്നുണ്ട്. അങ്ങേയ്ക്ക് എന്താണ് ചോദിക്കാനുള്ളത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കൊടുത്തതിനെപ്പറ്റിയൊക്കെ ഇവിടെ വളരെ വിശദമായി പറഞ്ഞു. 2006 മുതൽ 2011 വരെ അങ്ങയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഇവിടെ ഭരിച്ചത്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനും അന്നത്തെ കയർ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. ആ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരുന്ന വേതനം 150/- രൂപയായിരുന്നു. ആ 150/- രൂപയിൽ നിന്ന് ഇൻകം സപ്പോർട്ട് സ്കീം കൂടി ഞങ്ങൾ കൊടുത്തു. മാത്രമല്ല, അത് 260/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അതിനുശേഷം വീണ്ടും ചർച്ചയിലൂടെ അടുത്തവർഷം അത് 300/- രൂപയായി വർദ്ധിപ്പിച്ചു. അത് കാലാനുസൃതമായ മാറ്റങ്ങളാണ് ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. ജീവിതച്ചെലവനുസരിച്ച് ഒരു തൊഴിലാളിക്ക് കിട്ടേണ്ടതായ അവകാശങ്ങൾ ലഭിക്കണമെന്നുള്ളതാണ് ഇവിടെ പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഒന്ന്, ഇൻകം സപ്പോർട്ട് സ്കീം നിങ്ങൾ തുടങ്ങിയതല്ല, ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ തുടങ്ങിയിട്ടുള്ള സ്കീമാണ്. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരിക്കുമ്പോഴാണ് ഇതിന്റെ കൂലി വർദ്ധിപ്പിച്ചത്. ഇപ്പോൾ 50/- രൂപ വർദ്ധിപ്പിക്കുന്നു. അതുമാത്രമല്ല, കയർ പിരി മേഖലയിലെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പതിനായിരം എണ്ണമെങ്കിലും വിന്യസിപ്പിക്കാനുള്ള തീരുമാനമെടുത്ത് ഉല്പാദനം ആരംഭിച്ചിരിക്കുകയാണ്. ആ ഉല്പാദനക്ഷമത ഉയർന്ന യന്ത്രങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് അങ്ങ് പറഞ്ഞ 500/- രൂപയല്ല, 500/- രൂപ മുതൽ 600/- രൂപ വരെ കൂലികിട്ടുന്ന രീതിയിൽ വേതനം നിശ്ചയിക്കണമെന്നാണ് ഞങ്ങൾ ചിന്തിക്കുന്നത്. തൊണ്ടുതല്ല് മെഷീനിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ഒരു ദിവസം 500/- രൂപ മുതൽ 600/- രൂപ വരെ കൂലികിട്ടുന്ന രീതിയിലുള്ള വേതനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ ഈ സർക്കാരിന്റെ കാലത്ത് ഭൂരിപക്ഷം തൊഴിലാളികളും ഇത്തരത്തിലുള്ള യന്ത്രവൽക്കരണ മേഖലയിലേയ്ക്ക് മാറുന്ന ഒരു അവസ്ഥാവിശേഷം വരാൻ പോകുകയാണ്. തൊണ്ട് സംഭരിക്കണമെന്നും അതിനുവേണ്ടിയുള്ള സഹായം നൽകണമെന്നുമെല്ലാം

അങ്ങ് പറഞ്ഞു. അങ്ങയുടെ കാലത്ത് വിവിധ സ്കീമുകളിൽ നിന്ന് തൊണ്ടിനുവേണ്ടി ഒരു രൂപ 60 പൈസ വരെ സബ്സിഡി നൽകുമെന്നെല്ലാം പ്രഖ്യാപിച്ചിരുന്നു. ഞാൻ എത്ര രൂപയാണ് ചെലവാക്കിയതെന്നുള്ള കണക്കുനോക്കി. 2014-15-ൽ തൊണ്ടു സംഭരണത്തിന് 4.8 ലക്ഷം രൂപയും 2015-16-ൽ 19.98 ലക്ഷം രൂപയുമാണ്. നിങ്ങളുടെ പ്രഖ്യാപനമനുസരിച്ച് ഒരു രൂപ 60 പൈസ വച്ച് തൊണ്ടിന് നൽകുന്നുവെന്ന് പറഞ്ഞതും നൽകിയതും തമ്മിലുള്ള വ്യത്യാസം നോക്കുക; ഇതല്ലേ യാഥാർത്ഥ്യം.

ഇവിടെ മുഴുവനും യന്ത്രവൽക്കരണമാണ്. 400 മെഷീനുകൾ വന്നുകഴിഞ്ഞപ്പോൾ തൊണ്ടു വാങ്ങാൻ സബ്സിഡി, ലോറിയിൽ കയറ്റാൻ സബ്സിഡി, ചുമന്നിടാൻ സബ്സിഡി, തൊണ്ട് ചകിരിയായി കഴിഞ്ഞാൽ സബ്സിഡി. അങ്ങനെയല്ല വേണ്ടത്, മറിച്ച് ഇത് ലാഭകരമാകുന്ന വിലയ്ക്ക് സ്വകാര്യ വ്യക്തികളിൽ നിന്നായാലും സഹകരണസംഘങ്ങളിൽ നിന്നായാലും ചകിരി സംഭരിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. അല്ലാതെ, ഓരോന്ന് ചെയ്യുമ്പോഴും സബ്സിഡി കൊടുക്കുന്ന ഏർപ്പാടില്ല. ഇപ്പോൾ 21 രൂപയ്ക്ക് ചകിരി സംഭരിക്കുന്നത് എന്തുകൊണ്ടാണ്; തമിഴ്നാട്ടിലെ ചകിരിച്ചോറ് കയറ്റുമതി ചെയ്യാൻ പറ്റും എന്നാൽ നമ്മുടെ നാട്ടിലെ ചകിരിച്ചോറ് കയറ്റുമതി

ചെയ്യാൻ പറ്റില്ലെന്നു പറയാൻ കാരണം, നമ്മുടെ നാട്ടിലെ തൊണ്ടിൽ സലിനിറ്റി കൂടുതലായതുകൊണ്ട് ചകിരിച്ചോറിന് ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി കൂടുതലാണ്. അത് കമ്പോസ്റ്റ് ചെയ്യാതെ വളമായി ഉപയോഗിക്കാനും മീഡിയമായിട്ട് ഉപയോഗിക്കാനും കഴിയില്ല. അതുകൊണ്ടാണ് നമുക്ക് കയറ്റുമതി ചെയ്യാൻ സാധിക്കാത്തത്. അങ്ങനെയുള്ള സാങ്കേതിക പ്രശ്നത്തെ മറികടക്കുന്നതിന് നമ്മളിപ്പോൾ സാങ്കേതികമായ പരിഹാരം കണ്ടെത്തിയിരിക്കുന്നു. ഈ രീതിയിൽ നോക്കുമ്പോൾ, അങ്ങയുടെ കാലത്തുണ്ടായിരുന്ന സ്ഥിതി അടുത്തവർഷത്തോടുകൂടി സമൂലമായിട്ട് മാറിയിരിക്കും. ചകിരി ഉല്പാദനം 10 മടങ്ങ് വർദ്ധിപ്പിക്കുന്നതിന് 400 ഡീഫൈബറിംഗ് മില്ലുകൾ. അതിന്റെ ഒരു ഭാഗമെങ്കിലും കയറായിട്ട് മാറ്റാൻ കഴിഞ്ഞാൽ... ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വരുമ്പോൾ പ്രൊഡക്ടിവിറ്റി 10 മടങ്ങ് വർദ്ധിപ്പിക്കാനും കയറുല്പാദനം ഇരട്ടിയാക്കാനും സാധിക്കുമെന്നുള്ളതാണ്. എന്നുവച്ചാൽ കയറുല്പന്നം അതിന്റെ 3 മടങ്ങ് ആക്കാമെന്നുള്ളതാണ്. ഒന്നേകാൽ ലക്ഷം സ്ക്വയർ ഫീറ്റിന് ജിയോ ടെക്സ്റ്റൈൽസിന് ഓർഡർ വാങ്ങിയിട്ട് അൻപത്തിരണ്ടായിരം (0.52) ആണ് കൊടുത്തത്. ഓർഡർ വാങ്ങുന്നത് ആ വർഷം തന്നെ കൊടുക്കാനല്ലല്ലോ.

ഇപ്പോഴും ആ ഓർഡർ സപ്ലൈ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ഇന്ന് കയറുല്പന്ന മേഖലയിൽ, കയർ സംഭരണം നേരത്തെ ഉണ്ടായിരുന്നതിന്റെ ഇരട്ടിയായി. ഞാൻ കയർ കോർപ്പറേഷൻ വാങ്ങുന്ന ഉല്പന്നങ്ങളുടെ വില വേണമെങ്കിൽ പറയാം. നിങ്ങളുടെ ഭരണകാലത്തിന്റെ അവസാനവർഷം 9,240 മെട്രിക് ടൺ ആണ് കയർസംഭരണമെങ്കിൽ ഈ വർഷം ഇതുവരെ ഒന്നേകാൽ ലക്ഷം ടൺ ആണ്; അതാണ് വ്യത്യാസം. ഇങ്ങനെയുള്ള മാറ്റങ്ങളൊക്കെ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. എന്തായാലും ഇതൊക്കെ പറയാനുള്ള സന്ദർഭം ഉണ്ടാക്കിത്തന്നതിന് വളരെ നന്ദിയുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കയർപിരി മേഖലയിലെ ഐ.എൻ.ടി.യു.സി., കയർ തൊഴിലാളി ഫെഡറേഷൻ ഉൾപ്പെടെയുള്ള കയർ തൊഴിലാളി സംഘടനകൾ സമരത്തിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തൊഴിലാളി സംഘടനകളെയെല്ലാം വിളിച്ച് അവരുമായി ഫലപ്രദമായ ഒരു ചർച്ചയ്ക്ക് തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഞങ്ങളെ മാത്രം വിളിക്കണമെന്നല്ല പറയുന്നത്, ഇതുവരെ അങ്ങ് ഒരു യോഗം വിളിച്ചില്ലായെന്നാണ് അവരുടെ പരാതി. എന്തുകൊണ്ട് അങ്ങ് അത്

ചെയ്യുന്നില്ല?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പങ്കെടുത്തുകൊണ്ട് യോഗം നടത്തിയിട്ടുണ്ട്. എല്ലാ മാസവും കയർ അപ്പക്സ് ബോർഡ് മീറ്റ് ചെയ്യുന്നുണ്ട്. അപ്പക്സ് ബോർഡിൽ എല്ലാ ട്രേഡ് യൂണിയനുകളും അംഗങ്ങളാണ്. ഐ.എൻ.ടി.യു.സി. സമരത്തിലാണെങ്കിൽ അവരുമായി ചർച്ച ചെയ്യുന്നതിന് സർക്കാരിന് ഒരു തടസ്സവുമില്ല. അതിനുവേണ്ടി പ്രതിപക്ഷനേതാവ് അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. അങ്ങൊരു കത്ത് തന്നിരുന്നെങ്കിൽ നാളെ തന്നെ യോഗം വിളിക്കുമായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചർച്ച ചെയ്യുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കയർവ്യവസായം ഇന്ന് ഊക്കുകയറിലായിരിക്കുന്ന ഒരു കാലഘട്ടമാണ്.

അതിജീവനത്തിനുവേണ്ടി കയർ മേഖല വലിയതോതിൽ പണിപ്പെടുന്ന ഒരു ഘട്ടമാണ് ഇന്ന് കേരളത്തിലുള്ളത്. കയർമേഖല ഏതാണ്ട് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഒരുകാലത്ത് കേരളത്തിലെ കയർ ആയിരുന്നു ലോകപ്രശസ്തിയാർജ്ജിച്ചിട്ടുള്ള കയർ. എന്റെ നിയോജകമണ്ഡലമായ ആറാട്ടുപുഴ കയർ, ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലത്തിലെ അഞ്ചുതെങ്ങ് കയർ, വൈക്കം കയർ ഇതെല്ലാം ലോകപ്രശസ്തമായ ബ്രാൻഡുകളായി അംഗീകരിച്ചിട്ടുള്ള കയറുകളായിരുന്നു. ഇന്ന് പിരിമേഖല പൂർണ്ണമായി തകർന്നിരിക്കുന്നു. ഒരുകാലത്ത് റാട്ടിന്റെ ശബ്ദവും കയർ കളങ്ങളുടെ പ്രത്യേകതകളുമായിരുന്നു കേരളത്തിനുണ്ടായിരുന്നത്. ഇത് ആലപ്പുഴ, കൊല്ലം, എറണാകുളത്തിന്റെ ചില ഭാഗങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ പ്രത്യേകതകളായിരുന്നു. ഇന്ന്, വാസ്തവം പറഞ്ഞാൽ കയർ മേഖല വൻതകർച്ചയെ നേരിടുകയാണ്. ഇതിനെ പുനരുദ്ധരിക്കാനുള്ള പ്രഖ്യാപനങ്ങളല്ലാതെ ഒന്നും നടപ്പാകുന്നില്ലായെന്നുള്ളതാണ് സത്യം. നടക്കാത്ത പദ്ധതികളുടെ പ്രവാചകനായി നമുക്ക് ഡോ. ടി. എം. തോമസ് ഐസകിനെ വിശേഷിപ്പിക്കാൻ കഴിയും. അദ്ദേഹം പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും കയർമേഖലയ്ക്ക് ഇതുകൊണ്ട് ഒരു പുനരുദ്ധാരണവും

കഴിഞ്ഞ മൂന്നവർഷമായി ഉണ്ടായില്ല എന്നുള്ളത് വളരെ വ്യക്തമാണ്. കയറിനെക്കുറിച്ച് ഗവേഷണ പ്രബന്ധം രചിച്ച് ഡോക്ടറേറ്റ് നേടിയ ആളാണ് ഡോ. ടി. എം. തോമസ് ഐസക്. കയർ മേഖലയെ സംരക്ഷിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ കൈക്കൊള്ളാൻ അദ്ദേഹത്തിന് കഴിയുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. തികഞ്ഞ ആത്മാർത്ഥതയോടെയുള്ള തൊഴിലാളി വർഗ്ഗ സമീപനം ആ കാര്യത്തിൽ അദ്ദേഹം സ്വീകരിക്കുന്നില്ലായെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ഈ മൂന്നവർഷത്തിനിടയിൽ തൊഴിലാളി യൂണിയനുകളുടെ ഒരു യോഗം പോലും വിളിച്ചുകൂട്ടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ലായെങ്കിൽ എങ്ങനെയാണ് തൊഴിലാളികളുടെ പ്രയാസങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിയുന്നത്? ഒരുകാലത്ത് കേരളത്തിന് അഭിമാനമായിരുന്ന അഞ്ചുലക്ഷത്തോളം ആളുകളായിരുന്നു ഈ മേഖലയിൽ തൊഴിലെടുത്തിരുന്നത്. ഇന്നത് ഒരു ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. ഈ മേഖലയിൽ വലിയതോതിലുള്ള പരിദേവനങ്ങളാണ് ഉയരുന്നത്; പലഭാഗത്തും പട്ടിണിയാണ്. കയർ തൊഴിലാളികൾക്ക് മറ്റ് ആളുകളെപ്പോലെ പ്രത്യേകിച്ച് ക്ഷേമപദ്ധതികളൊന്നും ഇല്ലാത്തതുകൊണ്ടുതന്നെ അവർ ബുദ്ധിമുട്ട് നേരിടുകയാണ്. കയർ

തൊഴിലാളികളും മത്സ്യത്തൊഴിലാളികളും ഇടകലർന്ന് ജീവിക്കുന്ന തീരദേശ മേഖലയെടുത്താൽ തീരദേശമേഖലയ്ക്ക് ധാരാളം പ്രഖ്യാപനങ്ങളും പദ്ധതികളുമുണ്ട്. കയർമേഖലയ്ക്ക് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികളില്ലാത്തതുകൊണ്ട് അവരുടെ പരിതാപങ്ങൾ നമ്മൾ കേൾക്കേണ്ടിയിരിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം.

കയർ മേഖലയുടെ ചരമക്കുറിപ്പ് എഴുതുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. കയർപ്പിരി മേഖലയിലും ചെറുകിട ഉൽപ്പാദന മേഖലയിലും ഉൽപ്പാദനം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഒരുകാലത്ത് വളരെയേറ പുഷ്ടിപ്പെട്ട ഒരു വ്യവസായമായിരുന്നുവെങ്കിൽ ഇന്ന് ദുർബ്ബലപ്പെട്ട് വരുന്നുവെന്നതാണ് യാഥാർത്ഥ്യം. ഉദാഹരണമായി, ഇപ്പോൾ കയർ ഉൽപ്പന്നങ്ങൾക്കുപകരമായി മറ്റുൽപ്പന്നങ്ങൾ കടന്നുവരികയാണ്. ബംഗാളിൽ നിന്നുള്ള ചണം റബ്ബറുമായി കൂട്ടിക്കലർത്തിയ ഉൽപ്പന്നങ്ങൾ കയർ മേഖലയെ വലിയ ഭീഷണിയിലേക്ക് എത്തിക്കുകയാണ്. എല്ലാ മേഖലകളിലും വലിയ സ്തംഭനാവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. കയർപ്പിരി മേഖലയിലും ചെറുകിട

ഫാക്ടറികളിലും ഓർഡറുകൾ ലഭ്യമാക്കാത്തതുകാരണം ഉൽപ്പാദനം നിലച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ അതിരൂക്ഷമായി മാറുകയാണ്. കൂലി കൂട്ടുതലിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. 50 രൂപ കൂട്ടി കൊടുത്താൽ എന്താണ് സംഭവിക്കാൻ പോകുന്നത്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് 300 രൂപയാക്കി വർദ്ധിപ്പിച്ചത്. ഈ മേഖലയിൽ അധികം തൊഴിലാളികളില്ലാത്തതിനാൽ അവരുടെ കൂലി 500 രൂപയായെങ്കിലും വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കൂലി വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അടിയന്തരമായി യോഗം വിളിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

കയർഫെഡ് വഴി സബ്സിഡി നിരക്കിൽ കയർ ഉൽപ്പാദക സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരിക്ക് ഗുണനിലവാരമില്ലെന്നുള്ളതാണ് ഏറ്റവും വലിയ പരാതിയായി സംഘങ്ങളുടെ ആളുകൾ നമ്മളോട് പറയുന്നത്.

ആ ചകിരിയെടുത്ത് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സംഘങ്ങൾ തയ്യാറാകുന്നില്ല. ചുരുക്കത്തിൽ ഉൽപ്പാദന ചെലവും കയർ വിലയും തമ്മിലുള്ള ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതുകൊണ്ട് കയർ സംഘങ്ങൾ ഭീമമായ വ്യവസായ നഷ്ടം നേരിടുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ടാണ് പല കയർ സംഘങ്ങളും പ്രവർത്തിക്കാത്തത്. കായംകുളം കയർ പ്രോജക്ടിലാണ് ഞങ്ങളുടെ മേഖല വരുന്നത്. അവിടെ ധാരാളം കയർ സംഘങ്ങളുണ്ട്. മൂലധനത്തിന്റെ അപര്യാപ്തത കൊണ്ടാണ് ആ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാതിരിക്കുന്നത്. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്നപ്പോഴാണ് മൂലധനം നൽകാനുള്ള തീരുമാനമെടുത്തത്. 5 ലക്ഷം മുതൽ 10 ലക്ഷം വരെ പ്രവർത്തന മൂലധന ഫണ്ട് നൽകിയിരുന്നു. സംഘങ്ങൾക്ക് പ്രവർത്തിക്കണമെങ്കിൽ പ്രവർത്തന മൂലധനം അത്യാവശ്യമാണ്. ഇത് നൽകാനുള്ള വൈമുഖ്യം അവസാനിപ്പിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇത്തരത്തിലുള്ള സ്ഥിതിവിശേഷമാണെങ്കിൽ എങ്ങനെയാണ് നിങ്ങളുടെ ഭരണകാലത്തെ അപേക്ഷിച്ച് ഇപ്പോൾ സംഘങ്ങളിൽ കയർ ഉൽപ്പാദനം 50 ശതമാനമായി ഉയർന്നിരിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് വസ്തുതകൾ അറിയാതെ സംസാരിക്കരുത്. എനിക്ക് അവിടെ നേരിട്ട് ബന്ധമുള്ളതാണ്. ഞങ്ങൾ ആലപ്പുഴക്കാരാണല്ലോ; നമുക്ക് വേണമെങ്കിൽ ഒരുമിച്ച് ചർച്ച ചെയ്യാം. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ നൂറോളം കയർ സംഘങ്ങളുണ്ട്. പകുതിയിലധികവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കയർ ഡയറക്ടർ ഉൾപ്പെടെയുള്ളവരുമായി സംസാരിച്ച് അവർക്ക് പ്രവർത്തന മൂലധനം കൂടുതൽ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല. അക്കാര്യം നമുക്ക് സംസാരിക്കാം. ഇതൊക്കെ ചെറുകിട സംഘങ്ങളാണ്. പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ടാണ് ഈ ചെറുകിട സംഘങ്ങൾക്ക് പ്രവർത്തിക്കാൻ

സാധിക്കാത്തത്. തൊഴിലാളികൾക്ക് ശമ്പളം ഉൾപ്പെടെയുള്ള മാനേജീരിയൽ സബ്സിഡിയും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലൂടെ നൽകുന്ന സഹായങ്ങളും നൽകാത്തതുകൊണ്ടാണ് അവയ്ക്ക് പ്രവർത്തിക്കാൻ സാധിക്കാത്തത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിങ്ങൾ അഞ്ച് വർഷം ഭരിച്ചിട്ടും ഒരു പ്രാവശ്യമെങ്കിലും മാനേജീരിയൽ സബ്സിഡി നൽകിയിട്ടുണ്ടോ; ഏഴ് വർഷമായി ഇല്ലാതിരുന്ന മാനേജീരിയിൽ സബ്സിഡി കഴിഞ്ഞ വർഷമാണ് പുനഃസ്ഥാപിച്ചത് എന്നുള്ളതല്ലേ യാഥാർത്ഥ്യം?

ശ്രീ. രമേശ് ചെന്നിത്തല: സർ, സംഘങ്ങളുടെ ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി സംഘങ്ങളുടെ മീറ്റിംഗ് വിളിക്കണമെന്നാണ് ഞാൻ പറയുന്നത്. എന്നാൽ അങ്ങേയ്ക്ക് സമയമില്ല. ധനകാര്യ വകുപ്പിന്റെ വലിയ ചുമതലയുള്ളതുകൊണ്ട് കയറിന്റെ കാര്യത്തിൽ അങ്ങ് ശ്രദ്ധിക്കുന്നില്ല എന്നുള്ള വലിയ പരാതിയുണ്ട്. അതുകൊണ്ട് ഗൗരവമായി തന്നെ പറയുകയാണ്. വൈക്കത്തുനിന്നും തിരുവനന്തപുരം വരെ പട്ടിണി ജാഥ നടത്തിയ ആളല്ലേ

അങ്ങ്? അങ്ങ് എന്തുകൊണ്ടാണ് സംഘങ്ങളുടെ ആളുകളെ വിളിച്ചുകൂട്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാത്തത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, സംഘങ്ങളുടെയും ജീവനക്കാരുടെയും കൺവെൻഷൻ നടന്നു. എല്ലാ സംഘങ്ങളുടെയും ആയിരത്തിൽപ്പരം പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഏകദിന സമ്മേളനം ആലപ്പുഴ വച്ച് നടന്നു. ഏതാണ്ട് മൂന്ന് പ്രാവശ്യമെങ്കിലും സംഘങ്ങളുടെ പ്രതിനിധികളുടെ സമ്മേളനവും നടത്തിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സെമിനാർ നടത്തിയതിനെക്കുറിച്ചാണ് അങ്ങ് പറയുന്നത്. അതിന്റെ പ്രതിനിധികളെയും കയർ മേഖലയിലെ എം.എൽ.എ. മാരെയും വിളിച്ച് അങ്ങ് ചർച്ച ചെയ്യൂ. ഭരണപക്ഷത്ത് ശ്രീ. വി. ജോയിയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ഉണ്ടല്ലോ? ഞങ്ങളെയൊക്ക വിളിച്ച് ചർച്ച ചെയ്യൂ. അങ്ങ് വിചാരിക്കുന്നതു പോലെയല്ല, ഈ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. ഞങ്ങളിത് പറയുമ്പോൾ അതിനെ അപ്രീഷ്യേറ്റ്

ചെയ്യണം. താഴെത്തട്ടിൽ നടക്കുന്ന പ്രശ്നങ്ങളാണ് ഞങ്ങൾ പറയുന്നത്. ചേർത്തല മേഖലയിലെ സ്ഥിതിയെന്താണെന്ന് ശ്രീ. പി. തിലോത്തമൻ പറയട്ടെ. ധനകാര്യ വകുപ്പ് കയ്യിൽ ഉള്ളതുകൊണ്ട് അങ്ങേയ്ക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അങ്ങ് ഇതിനെ പോസിറ്റീവായി കാണണം. ഈ മേഖലയുമായി ബന്ധപ്പെട്ട നമ്മുടെ ജില്ലയിലാണല്ലോ ഏറ്റവും കൂടുതൽ പ്രശ്നങ്ങളുള്ളത്. അവരുടെ കണ്ണുനീരും കയ്യും ദിവസവും കാണുന്ന ഒരാളെന്ന നിലയിലാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ഇൻകം സപ്പോർട്ട് സ്കീം യു.ഡി.എഫ്. സർക്കാർ വർദ്ധിപ്പിച്ചതിൽ നിന്നും കുറച്ചുകൂടി വർദ്ധിപ്പിക്കണം. മൂന്ന് വർഷമായല്ലോ, അത് കൂട്ടി കൊടുക്കണ്ടേ? ആ നിലയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്നാണ് ഞങ്ങൾ പറയുന്നത്. ഈ മേഖല അനുദിനം തകർന്നുകൊണ്ടിരിക്കുന്നു. ശ്രീലങ്കയിൽ നിന്നുപോലും

ചകിരി നാര് കേരളത്തിൽ വരുന്നു. ഏറ്റവും നീളം കൂടിയ ചകിരി നാര് അവിടെ നിന്നുമാണ് കിട്ടുന്നത്. അതുപോലെ വളരെ ബോധപൂർവ്വമായി തമിഴ്നാട്ടിലെ ചില മില്ലുകൾ ഇവിടെ നിന്നും തൊണ്ട് കടത്തിക്കൊണ്ടുപോയി ചകിരിയാക്കി വലിയ വിലയ്ക്കാണ് കേരളത്തിന് നൽകുന്നത്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ഗൗരവപൂർവ്വമായൊരു സമീപനം സ്വീകരിക്കണമെന്നാണ് നമ്മുടെ അഭ്യർത്ഥന. ഈ മേഖല പൂർണ്ണമായും തകർന്നുക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കയർ വകുപ്പിന്റെ ചുമതല കൂടിയുള്ളതുകൊണ്ട് അങ്ങേയ്ക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയും. വെറുതെ പ്രഖ്യാപനങ്ങൾ കൊണ്ട് ഒരു കാര്യവുമില്ല. മൂന്നൂറ് മിൽ, അഞ്ഞൂറ് മിൽ എന്നൊക്കെ അങ്ങ് പറയുന്നുണ്ടെങ്കിലും എത്ര മില്ലുകൾ യാഥാർത്ഥ്യമാകുന്നു.

എന്റെ നിയോജകമണ്ഡലത്തിൽ കയർ ബോർഡുമായി ബന്ധപ്പെട്ട് ഒരു കയർ ക്ലസ്റ്റർ തുടങ്ങി. ആലപ്പുഴയിലെ കയർ ക്ലസ്റ്റർ അങ്ങേയ്ക്ക് അറിയാമല്ലോ? സി.ഐ.ടി.യു. നേതാവാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ഹരിപ്പാട്

നിയോജകമണ്ഡലത്തിൽ കയർ ബോർഡുമായി ചേർന്ന് ഒരു കയർ ക്ലസ്റ്റർ തുടങ്ങി. അത് ഫലപ്രദമായി മുന്നോട്ട് പോകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കയർവകുപ്പും കയർ ബോർഡുമായി ഒരു കോർഡിഷേനുമില്ല. ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവപൂർവ്വമായതാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെയും കയർ ബോർഡിന്റെയും സഹായത്തോടുകൂടി കേരളത്തിലെ കയർ മേഖലയെ പുനരുദ്ധരിക്കേണ്ട നടപടികളാണ് ഉണ്ടാകേണ്ടത്. ദൗർഭാഗ്യവശാൽ ഇന്ന് ഈ മേഖല പൂർണ്ണമായും ഗുരുതരാവസ്ഥയിലാണ്. ചിറയിൻകീഴിലെ കാര്യം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പറയാൻ കഴിയാത്തതുകൊണ്ട് അദ്ദേഹം പറയുന്നില്ല. തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. വൈക്കം മണ്ഡലത്തിലും ബുദ്ധിമുട്ടുണ്ട്. ഈ മേഖല മുഴുവൻ വലിയ പ്രതിസന്ധി നേരിടുമ്പോഴും ഇതെല്ലാം കണ്ണടച്ച് ഇരുട്ടാക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിലപാടിലും ഇത് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, അങ്ങ് 1985-ൽ Economic and Political Weekly യിൽ എഴുതിയ ഒരു ലേഖനമുണ്ട്. 'From cast consciousness to class consciousness - Alleppey coir workers during interwar period.' അന്നങ്ങ് cast consciousness-ൽ നിന്നും class consciousness-ലേക്ക് ആലപ്പുഴയിലെ കയർ തൊഴിലാളികൾ മാറുന്ന സാഹചര്യത്തെ വളരെ മനോഹരമായി വരച്ചുകാണിച്ചിട്ടുണ്ട്. അങ്ങ് ഏറ്റവുമധികം പഠനം നടത്തിയിട്ടുള്ളതും കയർ വ്യവസായത്തെക്കുറിച്ചാണ്. ഇപ്പോൾ ക്ലാസ് കോൺഷ്യസ്നെസ്സിൽ നിന്നും തൊഴിലാളികളെ വിസ്മരിച്ചുകൊണ്ട് കോർപ്പറേറ്റ് കോൺഷ്യസ്നെസ്സിലേക്ക് അങ്ങ് കടക്കുന്നുവെന്ന് ബഡ്ജറ്റ് അടക്കം ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന സമയത്താണ് നമ്മൾ ഈ വിഷയം ചർച്ച ചെയ്യുന്നത്. നമ്മൾ അതിജീവനത്തിന്റെ വിഷയങ്ങൾ അവതരിപ്പിക്കുമ്പോഴൊക്കെ എന്തിനാണ് ഇങ്ങനെയൊരു അടിയന്തരപ്രമേയം കൊണ്ടുവരുന്നതെന്ന് ചോദിക്കുന്നതുപോലും അതുകൊണ്ടായിരിക്കും. കശുവണ്ടി

തൊഴിലാളികളുടെയും കയർ തൊഴിലാളികളുടെയും വിഷയങ്ങളൊക്കെ ചർച്ച ചെയ്യേണ്ട കാര്യമാണോ എന്നുപറയുന്നിടത്തേയ്ക്ക് ഈ ഗവൺമെന്റ് എത്തിയിട്ടുണ്ടെങ്കിൽ അതിജീവനത്തിനുവേണ്ടി നിൽക്കുന്നവരെ വിസ്മരിക്കുന്നൊരു സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ളതാണ്. ഇക്കഴിഞ്ഞ ജനുവരിയിൽ തിരുവനന്തപുരം ജില്ലയിലെ കയർ മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര സഹായം വേണമെന്ന് പറഞ്ഞ് ജില്ലയിലെ സംഘം പ്രസിഡന്റുമാരും സെക്രട്ടറിമാരും ഒരു യോഗം വിളിച്ചു കൂട്ടുകയുണ്ടായി. അത് ഉദ്ഘാടനം ചെയ്തത് ശ്രീ. ആനത്തലവട്ടം ആനന്ദൻ എന്നു പറയുന്ന നിങ്ങളുടെ അപ്പെക്സ് ബോർഡിന്റെ വൈസ് ചെയർമാനാണ്. അന്നത്തെ യോഗത്തിൽ കയർ മേഖല പ്രതിസന്ധിയിലാണെന്നാണ് സംഘം പ്രസിഡന്റുമാരും സെക്രട്ടറിമാരും പറഞ്ഞത്. കയർ മേഖലയിലെ പ്രതിസന്ധിക്കുകാരണമായി വിവിധ കാര്യങ്ങൾ പറയുന്നുണ്ട്. ഞങ്ങൾ ഒരു പ്രത്യേക പാക്കേജ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടുമെന്നും ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി പരിശ്രമിക്കുമെന്നുമാണ് അന്ന് വൈസ് ചെയർമാൻ അവർക്ക് നൽകിയ വാഗ്ദാനം. അപ്പോൾ പ്രതിസന്ധിയുണ്ട് എന്ന കാര്യം ശരിയാണ്. തിരുവനന്തപുരത്തിന്റെ മാത്രം വിഷയങ്ങളാണ് അന്ന്

ചർച്ച ചെയ്തതെങ്കിലും ധാരാളം കാര്യങ്ങൾ അന്നവിടെ ചർച്ച ചെയ്തിട്ടുണ്ട്. തൊണ്ട് തമിഴ്നാട്ടിലേക്ക് കടത്തുന്നതിനെക്കുറിച്ചും 100 ക്വിന്റൽ കയർ ഉൽപ്പാദിപ്പിക്കുമ്പോൾ രണ്ട് ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ടെന്നും അങ്ങനെ നഷ്ടം ഉണ്ടായാൽ കയർ ഉൽപ്പാദനം പൂർണ്ണമായും തകരാറിലേക്ക് പോകുമെന്നും മറ്റു ജില്ലകളിലെപ്പോലെ മോട്ടോറൈസ്ഡ് റാട്ടുകളും ഇലക്ട്രോണിക് റാട്ടുകളും ഉപയോഗിച്ച് കയർ പിരിക്കുന്ന സമ്പ്രദായം ഇപ്പോഴും തിരുവനന്തപുരം ജില്ലയിൽ വരാത്തതുകൊണ്ടുള്ള പ്രതിസന്ധിയുണ്ടെന്നും തുടങ്ങി ധാരാളം കാര്യങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തിട്ടുണ്ട്. മാത്രമല്ല, 7124 മില്യൻ ടൺ തേങ്ങ ഉല്പാദിപ്പിക്കുമ്പോൾ 1000 മില്യൻ ടൺ തൊണ്ടുപോലും നമുക്ക് സംഭരിക്കാൻ സാധിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, എന്ത് മോഡണൈസേഷനെക്കുറിച്ച് പറഞ്ഞാലും ഇവിടെനിന്നും തൊണ്ട് ലഭിക്കാത്ത അവസ്ഥയുണ്ട്. ഇവിടെനിന്നും തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് പോകുകയും അവിടെനിന്നും നാരാക്കി വലിയ വിലയ്ക്ക് വീണ്ടും ഇവിടെതന്നെ വിൽക്കുന്ന സാഹചര്യമുണ്ടാകുന്നു. തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് കടത്തുന്നത് തടയുന്നതിന് ജാഗ്രതാ സമിതികൾ രൂപീകരിക്കുമെന്നാണ് സി.ഐ.റ്റി.യു. ഒരിക്കൽ പറഞ്ഞിട്ടുള്ളത്. തൊണ്ട് സംഭരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ കുടുംബശ്രീയുടെ

കാര്യം പറഞ്ഞു. വീടുകളിൽ കറിക്കും മറ്റും തേങ്ങ ഉപയോഗിക്കുന്നതുകൊണ്ട് തൊണ്ട് വീട്ടുമുറ്റത്തുണ്ടാകുമെന്നും അത് കുടുംബശ്രീയെക്കൊണ്ട് സംഭരിക്കുമെന്നും പറഞ്ഞിരുന്നു. പക്ഷേ അത് എത്രത്തോളം പ്രായോഗികമായി നടപ്പിലായി എന്ന് പരിശോധിക്കണ്ടേ? തൊണ്ട് സംഭരണം ഇപ്പോഴും വേണ്ടരീതിയിൽ ചെയ്യാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ മാത്രം 1980-ൽ മുപ്പതിനായിരത്തോളം തൊഴിലാളികളുണ്ടായിരുന്നത് ഇപ്പോൾ അയ്യായിരമായി കുറഞ്ഞിരിക്കുന്നുവെന്ന് സംഘത്തിന്റെ ആളുകൾ തന്നെ സമ്മതിക്കുന്ന കാര്യമാണ്. ഈ മേഖലയിൽ തൊഴിലാളികൾ പോലും ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കയർ മേഖല അഭിവൃദ്ധിപ്പെടുമെന്ന ഒരു സ്വപ്നം ഇപ്പോഴും നമ്മുടെ മുന്നിലുണ്ട്. അങ്ങയുടെ എല്ലാ ബഡ്ജറ്റിലും കയർ എന്ന വിഷയത്തിന് കൂടുതൽ പേജുകൾ ചെലവഴിക്കുന്നുണ്ട്. പക്ഷേ അവ പേജുകളിൽ തന്നെ നിൽക്കുന്നുവെന്നുള്ളതല്ലാതെ പ്രായോഗിക തലത്തിലേയ്ക്ക് വരുന്നില്ല. ഇത് ദീർഘമായ ചർച്ച ആവശ്യമായ വിഷയമാണ്. ആ ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, കയർ മേഖല പുനരുദ്ധരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കാര്യമായി ഇടപെടൽ നടത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം നിരവധി നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്ന ബോദ്ധ്യം നമ്മൾക്കുണ്ട്. വൈക്കം താലൂക്കിലാണ് ഞാൻ താമസിക്കുന്നത്. അവിടെ തകർന്ന് കിടക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. പക്ഷേ കഴിഞ്ഞ മൂന്നുവർഷം അവതരിപ്പിച്ച ബഡ്ജറ്റിലൂടെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയിരുന്നെങ്കിൽ ഒരു പരിധിവരെ ആശ്വാസമുണ്ടാകുമായിരുന്നു. ഞങ്ങൾ ചൂണ്ടിക്കാണിക്കുന്ന വിഷയം, അങ്ങ് ആത്മാർത്ഥതയോടെ ഇടപെട്ട് ചെയ്യുന്ന ഈ കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ വരുന്നതിന് ചില തടസ്സങ്ങൾ നേരിടുന്നുണ്ട്. അതങ്ങ് പരിശോധിക്കണം, തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. ചെറുകിട നാമമാത്ര കയർ സംഘങ്ങൾക്ക്

മുന്നോട്ട് പ്രവർത്തിച്ചുപോകാൻ പോലും സാധിക്കാത്ത സ്ഥിതി നിലനിൽക്കുകയാണ്. അത് പരിഹരിക്കാൻ സാധിക്കുന്നില്ല. ഇത്തരം വിഷയങ്ങൾ തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണ്. അങ്ങ് വളരെ പോസിറ്റീവായി, ഇവിടെ ചർച്ച ചെയ്യുന്നതിന് തയ്യാറല്ലെങ്കിലും യോഗം വിളിക്കാൻ തയ്യാറാണെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എത്രയും പെട്ടെന്ന് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചുകൂട്ടാനും കയർ മേഖലയുമായി ബന്ധപ്പെട്ട എം.എൽ.എ.-മാരെക്കൂടി അതിൽ പങ്കെടുപ്പിക്കാനും ഇന്ന് പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ പ്രത്യേകമായി പരിശോധിക്കാനും അതിൽ തുടർ നടപടികളുണ്ടാകുന്നതിനുള്ള സാഹചര്യം ഗവൺമെന്റ് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് കയർ മേഖലയിൽ നിന്നുള്ള എം.എൽ.എ. ആണ്. കയർ വകുപ്പും ധനകാര്യ വകുപ്പും കൈകാര്യം

ചെയ്യുന്നതും അങ്ങ് തന്നെയാണ്. സ്വാഭാവികമായും അങ്ങയിൽ നിന്നും കൂടുതൽ പ്രതീക്ഷിക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യമാണ് നമ്മൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ അത് ഇവിടെ നടക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൂലി 150 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ കൂലി 300 രൂപയുടെ ഇരട്ടിയാക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. 50 രൂപ മാത്രം വർദ്ധിപ്പിച്ചതിനുശേഷം വലിയ വർദ്ധനവായെന്ന നിലയിൽ ഇവിടെ പറയുന്നതിൽ അർത്ഥമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മേഖലയിൽ നിന്നും തൊഴിലാളികൾ മറ്റ് തൊഴിൽ സാഹചര്യങ്ങൾ തേടിപ്പോകുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. പച്ചത്തൊണ്ടിന്റെ സംഭരണം ക്രിയാത്മകമായ നിലയിൽ നടക്കണം. തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്നത് കൂടുതൽ വില ലഭിക്കുന്നുവെന്ന സാഹചര്യത്തിലാണ്. തൊണ്ട് സംഭരണം കൃത്യമായ രീതിയിൽ നടത്തുവാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം മൂല്യവർദ്ധനയ്ക്കുള്ള നടപടികൾ, ആഭ്യന്തര വിദേശ വിപണിയിൽ

മത്സരിക്കാനുള്ള പ്രാപ്തി എന്നിവ ഈ മേഖലയിലേയ്ക്ക് കൂടുതൽ കൊണ്ടുവരാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ കയർമേഖല അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ആ വിഷയം ഏറ്റവും ഗൗരവമേറിയതാണ്. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)